# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/6/2018 2018 ജനുവരി 8

## പത്രക്കുറിപ്പ്

### പരീക്ഷാ തീയതി

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എസ്.സി. മൈക്രോ ബയോളജി, ബയോകെമിസ്ട്രി, ബയോടെക്നോളജി (പഴയ സ്കീം - 2012ന് മുമ്പുള്ള അഡ്മിഷൻ) ഡിഗ്രി കോഴ്സുകളുടെ അവസാന മേഴ്സി ചാൻസ് പരീക്ഷ ജനുവരി 12ന് ആരംഭിക്കും.

### അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 30നും, ഒന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ 31നും ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 12 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി കോഴ്സിന്റെ പ്രോജക്ട് മൂല്യനിർണ്ണയം, വൈവാവോസി എന്നിവയ്ക്ക് പിഴയില്ലാതെ ജനുവരി 12 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (2015 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/റീ അപ്പിയറൻസ്/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 11, 12, 15, 16 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി, ഫിസിക്സ് - മെറ്റീരിയൽ സയൻസ് പി.ജി. (സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 20 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോ ഇൻഫർമാറ്റിക്സ് (പി.ജി. സി.എസ്.എസ്. - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 21 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ തിരുവല്ല മാക്ഫാസ്റ്റ് കോളേജിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. സപ്ലിമെന്ററി (2015 - 2017 ബാച്ച്) പരീക്ഷയുടെ തടഞ്ഞുവച്ച ഫലം ഹൈക്കോടതി വിധിക്ക് വിധേയമായി പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 18 വരെ അപേക്ഷിക്കാം.

**എം.ബി.എ. ഉത്തരക്കടലാസുകള്‍**

2017 നവംബര്‍/ഡിസംബര്‍ മാസങ്ങളില്‍ നടന്ന മൂന്നാം സെമസ്റ്റര്‍ എം.ബി.എ. പരീക്ഷയുടെ ഉത്തരക്കടലാസുകള്‍ കോളേജുകളില്‍ നിന്നും മൂല്യനിര്‍ണ്ണയത്തിനായി സര്‍വ്വകലാശാലാ സില്‍വര്‍ ജൂബിലി പരീക്ഷാഭവനില്‍ നടക്കുന്ന ക്യാമ്പില്‍ ജനുവരി 10ന് മുമ്പ് നിര്‍ബ്ബന്ധമായും എത്തിക്കേണ്ട താണ്.

**ബയോമെറ്റീരിയല്‍ ശില്പശാല**

വിവിധ ശാസ്ത്രശാഖകളെ ഏകോപിപ്പിച്ചുള്ള ഹരിത ഗവേഷണം സ്ഥായിയായ വികസന ത്തിന് അടിസ്ഥാനമാകുമെന്ന് മഹാത്മാഗാന്ധി സര്‍വ്വകലാശാലാ വൈസ് ചാന്‍സലര്‍ ഡോ. ബാബു സെബാസ്റ്റ്യന്‍ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സര്‍വ്വകലാശാലാ നാനോ സയന്‍സ് പഠനകേന്ദ്ര വും, സ്വീഡനിലെ സ്റ്റോക്ക്ഹോം യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തുന്ന 'ബയോമെറ്റീരിയല്‍ സ് ഫോര്‍ ടുമാറോ' എന്ന അന്തര്‍ദ്ദേശീയ ത്രിദിന ശില്പശാല, കൊച്ചി മാരിയറ്റ് ഹോട്ടലില്‍ ഉദ് ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഡോ. ബാബു സെബാസ്റ്റ്യന്‍. പ്രോവൈസ് ചാന്‍സ ലറും മുഖ്യ സംഘാടകനുമായ പ്രൊഫ. സാബു തോമസ് ചടങ്ങില്‍ അദ്ധ്യക്ഷത വഹിച്ചു. നൂറിലധി കം പ്രശസ്ത ബയോമെറ്റീരിയല്‍ ശാസ്ത്രജ്ഞര്‍ പങ്കെടുക്കുന്ന ശില്പശാലയില്‍ ഡോ. നന്ദകുമാര്‍ കളരിക്കല്‍, പ്രൊഫ. കുരുവിള ജോസഫ്, ഡോ. ശ്രീനാഥ് ഗോപി, സ്വീഡിഷ് ശാസ്ത്രജ്ഞരായ പ്രൊഫ. ക്രിസ്റ്റീന ഓക്സ്മാന്‍, പ്രൊഫ. അലൈന്‍ ഡുഫെറന്‍സി, പ്രൊഫ. അജി പി. മാത്യു എന്നി വര്‍ പ്രഭാഷണങ്ങള്‍ നടത്തി. ശില്പശാല ഇന്ന് (ജനുവരി 9) സമാപിക്കും.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സര്‍വ്വകലാശാലാ നാനോ സയന്‍സ് പഠനകേന്ദ്രവും, സ്വീഡനിലെ സ്റ്റോക് ഹോം യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തുന്ന 'ബയോമെറ്റീരിയല്‍സ് ഫോര്‍ ടുമാറോ' എന്ന അന്തര്‍ദ്ദേശീയ ത്രിദിന ശില്പശാല, കൊച്ചി മാരിയറ്റ് ഹോട്ടലില്‍ വൈസ് ചാന്‍സലര്‍ ഡോ. ബാബു സെബാസ്റ്റ്യന്‍ ഉദ്ഘാടനം ചെയ്യുന്നു**

**പബ്ലിക് റിലേഷന്‍സ് ഓഫീസര്‍ (ഇന്‍ ചാര്‍ജ്)**